(എ&ബി) കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യമാക്കിയിട്ടില്ല.

മാവൂർ പഞ്ചായത്തിൽ സ്പോർട്സ് കോംപ്ലക്സ്

241 (2961) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിൽ മരാമത്ത് വകുപ്പിന്റെ കൈവശമുള്ള 7.8 ഏക്കർ ഭൂമിയിൽ ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച് സ്പോർട്സ് കൗൺസിൽ പരിശോധന നടത്തി തുടർ രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം അന്യാധീനപ്പെടുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പിൽനിന്നും ആയത് ഏറ്റെടുത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പി. മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാദമി

242 (2962) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ പി. മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാദമി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

പി. മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാഡമി എന്ന പദ്ധതി നിലവിലില്ല. എന്നാൽ കിഫ്ബി ധനസഹായത്തോടെ മലപ്പുറം ജില്ലാ സ്റ്റേഡിയമായി നിർമ്മിക്കാനുദ്ദേശിക്കുന്ന മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം പയ്യനാടുള്ള സ്പോർട്സ് കോംപ്ലക്സിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഡിയ നിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ., എസ്.പി.വി. ആയ കിറ്റ്കോ ലിമിറ്റഡ് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly